ന്നതിനും 5 മുനിസിപ്പാലിറ്റികളൊഴികെ ബാക്കി മുനിസിപ്പാലിറ്റികൾക്ക് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. എല്ലാ മുനിസിപ്പാലിറ്റികളും സംയോജിത ഖരമാലിന്യ പരിപാലനത്തിന് പദ്ധതി തയ്യാറാക്കുന്നതിന് വേണ്ട പരിശീലനം ലഭ്യമാക്കുകയും അതനുസരിച്ച് 29 മുനിസിപ്പാലിറ്റികൾ സമഗ്ര പദ്ധതി തയ്യാറാക്കിക്കഴിഞ്ഞു. ബാക്കി മുനിസിപ്പാലിറ്റികളും പദ്ധതി തയ്യാറാക്കിവരുന്നു. കേരളത്തെ ഒരു ശുചിത്വ സംസ്ഥാനമാക്കി മാറ്റിയെടുക്കുന്നതിനും കേരളത്തെ ഒരു മാലിന്യ രഹിത സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള ഒരു പദ്ധതി നിർദ്ദേശം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) പൊതു ടോയ്‌ലറ്റുകൾ സ്ഥാപിക്കുന്നതും അവ വൃത്തിയായി സൂക്ഷിക്കുന്നതും അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയിൽപ്പെടുന്നതാണ്. എന്നിരുന്നാലും സംസ്ഥാനത്തുള്ള പ്രധാന റോഡുകളുടെ അരികിൽ ആധുനിക സൗകര്യമുള്ള കംഫർട്ട് സ്റ്റേഷൻ 50 കി. മീ. ഇടവീട്ട് സ്ഥാപിക്കുന്നതിനുവേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്ഥലം ലഭ്യമാക്കിയാൽ നിർമ്മാണ പ്രവർത്തനം സ്പോൺസർ ചെയ്യുവാനായി ചില സംഘടനകൾ തയ്യാറായതിന്റെ അടിസ്ഥാനത്തിൽ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനം ക്ലീൻ കേരള മിഷൻ ആരംഭിച്ചിട്ടുണ്ട്. ഇതിനായി 2 ലക്ഷം രൂപ വീതം ക്ലീൻ കേരള മിഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) പൊതു ടോയ്‌ലറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ചുമതല അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. അതത് പ്രദേശത്തിന്റെ ആവശ്യകതയനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തന്നെ പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കാവുന്നതാണ്.

വയനാട്ടിലെ വനഭൂമിയിൽ അനധികൃതമായി കുടി പാർപ്പിച്ച ആദിവാസികൾ

11 [*278] ശ്രീ. കെ. ബാബു :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂസമരത്തിന്റെ പേരിൽ ആദിവാസി ക്ഷേമസമിതി എത്ര കുടുംബങ്ങളെ വയനാട് ജില്ലയിലെ വനഭൂമിയിൽ അതിക്രമിച്ച് കടന്ന് കുടി പാർപ്പിച്ചിട്ടുണ്ട് ;

(ബി) ഇവർ കുടി പാർക്കുന്ന സ്ഥലം കൃഷിക്ക് ഉപയുക്തമല്ലാത്ത പ്രദേശമാണോ ;

(സി) എങ്കിൽ അവിടെ കൃഷി ചെയ്യാൻ കഴിയാത്തതുമൂലം അവർ പട്ടിണിയിലാണോ ;

(ഡി) പ്രസ്തുത പ്രദേശങ്ങളിൽ വ്യാജ ചാരായ വാറ്റ് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്ക പട്ടികസമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) :

(എ) 2456 കുടുംബങ്ങളെ കൂടി പാർപ്പിച്ചിട്ടുണ്ട്.

(ബി) അല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇല്ല.

നാനോ ടെക്നോളജി സെന്ററിന്റെ ലക്ഷ്യങ്ങൾ

12 [*279] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാനോ ടെക്നോളജി സെന്ററിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനവും വിശദമാക്കാമോ ;

(ബി) ദേശാന്തര നിലവാരമുള്ള നാനോ ടെക്നോളജി സെന്റർ തിരുവനന്തപുരത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഈ സെന്ററിന് സാമ്പത്തികവും സാങ്കേതികവുമായ സഹായസഹകരണങ്ങൾ ഏതെല്ലാം മേഖലകളിൽ നിന്നാണ് ഉറപ്പാക്കാനായിട്ടുള്ളത് എന്ന് അറിയിക്കാമോ ?

മുഖ്യമന്ത്രി (ശ്രീ . ഉമ്മൻചാണ്ടി):

(എ) മനുഷ്യരിലെ ജനിതക തകരാറുകൾ പരിഹരിക്കാനുള്ള സാങ്കേതിക സംവിധാനത്തിന് രൂപം നൽകുന്ന ഗവേഷണ സംരംഭമാണ്. നാനോ ടെക്നോളജി സെന്റർ. ഗവേഷണത്തിലൂടെ രൂപം നൽകുന്ന നാനോ ചിപ്പുകൾ മനുഷ്യ ശരീരത്തിൽ നിക്ഷേപിച്ച് ജനിതക സ്വഭാവത്തെ നിയന്ത്രിക്കാമെന്നും അങ്ങനെ ജനിതക രോഗങ്ങൾ ചികിത്സിച്ചു ഭേദമാക്കാമെന്നും ഇതിനു നേതൃത്വം നൽകുന്ന ഗവേഷകർ പ്രതീക്ഷിക്കുന്നു.

(ബി) ഉണ്ട്.

(സി) പ്രവാസി മലയാളികളുടെ നിക്ഷേപവും നാനോ ടെക്നോളജി ഡവലപ്പ്മെന്റ് കോർപ്പറേഷൻ (ഹൂസ്റ്റൺ, യു.എസ്.എ.), യൂറോപ്യൻ നാനോ ഫോറം (യു.കെ.), ഇൻഡ്യൻ നാനോ ഇനീഷ്യേറ്റീവ് (മുംബൈ) എന്നീ സ്ഥാപനങ്ങളിൽ നിന്നും സാങ്കേതിക സഹായവും പ്രതീക്ഷിക്കുന്നു.

സുഗന്ധഗിരി പ്രോജക്ടിനു കീഴിലുള്ള ഭൂമി പട്ടികവർഗ്ഗ വിഭാഗക്കാർക്കായി വിതരണം ചെയ്യാൻ നടപടി

13 [*280] ശ്രീ. കെ. കെ. ജയചന്ദ്രൻ :
,, കെ. രാധാകൃഷ്ണൻ:
,, എ. കെ. ബാലൻ:
,, കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

LIBRARY ARCHIVES Kerala Legislative Assembly